പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 540

04/07/2013-ൽ മറുപടിയ്ക്ക്

## ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന പുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |

എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ; ഇതിനായി നീക്കിവെച്ച 25 കോടി രൂപയിൽ എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

എ) ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി കാലാകാലങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ പദ്ധതികൾ വിലയിരുത്തി തീരുമാനമെടുത്ത് നടപ്പിലാക്കി വരികയാണ്. 25 കോടി രൂപ സർക്കാരിൽ നിന്നും അനുവദിച്ചിനൽകിയതിനു ശേഷം നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്കും പൂർത്തീകരിച്ച പദ്ധതികൾക്കുമായി 2,05,65,724/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി) പദ്ധതിയുടെ ഭാഗമായ ക്യൂ കോംപ്ലക്സിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

ബി) ക്യൂ കോംപ്ലക്സ് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വനം വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

സി) ഇരുനില നടപ്പന്തലിന്റെയും നിലയ്ക്കൽ ബേസ്ക്യാമ്പ് വികസനത്തിനായുമുള്ള പ്രവൃത്തികളുടെയും പുരോഗതി അറിയിക്കുമോ?

സി) ഇരുനില നടപ്പന്തലിന്റെ നിർമ്മാണത്തിന് 2012 ജൂൺ മാസം ദർഘാസ് വിളിച്ചിരുന്നെങ്കിലും താൽപര്യമുള്ള നിർമ്മാണ കമ്പനികൾ ദർഘാസ് സമർപ്പിച്ച സമയത്തെ സാഹചര്യങ്ങളും സാമ്പത്തിക ലഭ്യതക്കുറവും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി തൽക്കാലം ഏറ്റെടുക്കേണ്ടതില്ലെന്നും 2013 -ന് ശേഷം പരിഗണിച്ചാൽ മതിയെന്നും ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പിലെ പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിലയ്ക്കലിൽ നടക്കുന്ന പ്രവൃത്തികൾ | | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| പാർക്കിംഗ് ഏരിയ സി-യുടെയും കെ.എസ്.ആർ.റ്റി.സി. യുടെ | - | ജോലി നടന്നു കൊണ്ടിരിക്കുന്നു |

| | | |
|---|---|---|
| പാർക്കിംഗ് ഏരിയായുടെയും നിർമ്മാണം | | |
| പാർക്കിംഗ് ഏരിയ ഡി യുടെയും ചുറ്റുമതിലും ഓടയും നിർമ്മാണം | – | ജോലി നടന്നു കൊണ്ടിരിക്കുന്നു |
| റോഡുകളുടെയും ഓടകളുടെയും നിർമ്മാണം | – | ജോലി നടന്നു കൊണ്ടിരിക്കുന്നു |
| ഹൈ മാസ്ക് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി | – | ഭാഗികമായി പൂർത്തീകരിച്ചു |
| വാഹനങ്ങളുടെ വർക്ക് ഷോപ്പ് നിർമ്മാണം | – | പൂർത്തീകരിച്ചു |
| കടുവത്തോടിനടുത്തുള്ള ചെക്ക് ഡാം നിർമ്മാണം | – | പൂർത്തീകരിച്ചു |
| സിമൻറിലുള്ള ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്ക് നിർമ്മാണം | – | പൂർത്തീകരിച്ചു |
| മഹാദേവർ ക്ഷേത്രത്തിൻെറ പുനർ നിർമ്മാണം | – | ജോലി തുടങ്ങി കഴിഞ്ഞു |
| പള്ളിയറക്കാവ് ദേവീ ക്ഷേത്രത്തിൻെറ പുനർനിർമ്മാണം | – | ജോലി തുടങ്ങി കഴിഞ്ഞു |

(signature)

സെക്ഷൻ ഓഫീസർ